# Academic Masterplan 2025 - 2026

# അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂൾതലം 2025-2026.

ലോകം മുഴുവൻ അറിവിന്റെ ലോകത്തേക്ക് കുതിച്ചുയരുന്ന ഈ കാലഘട്ടത്തിൽ ക്ലാസ്റൂം വിദ്യാഭ്യാസ പ്രക്രിയയോടൊപ്പം തന്നെ ഓൺലൈൻ വിദ്യാഭ്യാസരീതിയും. സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങളും. കോർത്തിണക്കി വളരെ വികസിത രീതിയിൽ നമ്മുടെ പഠനപ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ വിദ്യാലയത്തിലേക്ക് കടന്നു വന്നിരിക്കുന്ന കുട്ടികളിൽ ജൂൺ മാസം മുതൽ മാർച്ച് മാസം അധ്യയനവർഷം പൂർത്തിയാകുന്ന വേളയിൽ ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് കാലഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി കുട്ടികളുടെ പൊതുവായും ഓരോ കുട്ടിയുടെയും അറിവും കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യ അവസരങ്ങൾ ഒരുക്കുന്ന നിരവധി പ്രവർത്തനങ്ങൾ നാം ആസൂത്രണം ചെയ്തിട്ടുണ്ട്. കുട്ടികളുടെ സമഗ്രമായ വികാസം

മുന്നിൽ കണ്ടുകൊണ്ട് ഓരോ ക്ലാസിലെയും. അധ്യാപകരുടെയും കുട്ടികളുടെ നിലവാരത്തിനനുസരണമായി തയ്യാറാക്കിയ പ്രവർത്തനങ്ങളിലൂടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നു കുട്ടികളെ. മികവിന്റെ തലത്തിലേക്ക് കൈപിടിച്ചുയർത്തുന്നു അങ്ങനെ നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നു ഉതകുന്ന രീതിയിൽ അധ്യാപകർ തയ്യാറാക്കിയ ക്ലാസ്‌തല പ്രവർത്തനങ്ങളുടെ ക്രോഡീകരണമാണ് സ്കൂൾതല മാസ്റ്റർ പ്ലാൻ.

ക്ലാസ്‌തല പ്രവർത്തനങ്ങൾക്ക് പുറമെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷാപഠനത്തിന്റെ ഭാഗമായി 'Gusto'. അമ്മ വായന, കുട്ടി വായന, പുസ്തകത്തൊട്ടിൽ, പുസ്തകശേഖരണം പദ്ധതിയൊരുക്കുന്നു..

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

**ജൂൺ**

2/06/2025 - പ്രവേശനോത്സവം - പ്രവേശനോത്സവ പരിപാടികൾ

3/06/2025 - ലഹരിക്കെതിരെ പൊതുകാര്യങ്ങൾ

4/06/2025 - റോഡ് നിയമങ്ങൾ - ബോധവത്ക്കരണം പ്ലകാർഡ്, പോസ്റ്റർ നിർമ്മാണം.

5/06/2025 - വ്യക്തി-പരിസര - ചെടികൾ,
ശുചിത്വം, ഹരിത ഫലവൃക്ഷത്തൈ
ക്യാമ്പസ്, സ്കൂൾ നടൽ, ശുചിത്വ
സൗന്ദര്യവത്ക്കരണം ക്ലബ് രൂപീകരണം
പരിസ്ഥിതി ദിനം

9/06/25 - ഡിജിറ്റൽ അച്ചടക്കം - ബോധവത്ക്കരണം വീഡിയോ പ്രദർശനം

10/6/25 - ആരോഗ്യം, കായികക്ഷമത, വ്യായാമം - സൂംബ പരിശീലനം, ലഘുവ്യായാമങ്ങൾ, ആരോഗ്യ ബോധവത്ക്കരണം.

11/6/25 - പൊതുമുതൽ സംരക്ഷണം - വീഡിയോ പ്രദർശനം (ബോധവത്ക്കരണം)

12/6/25 - പരസ്പര സഹകരണം - ബോധവത്ക്കരണം
വൈകാരികനിയന്ത്രണം വീഡിയോ പ്രദർശനം

13/6/25 - പൊതുക്രോഡീകരണം - റിപ്പോർട്ട്.

10/6
11/6
12/6
13/6 } പ്രീ ടെസ്റ്റ്.

| | | |
|---|---|---|
| 19/06/25 | വായനാ ദിനം | - വായനമാസാചരണം. |
| 21/06/25 | യോഗാ ദിനം | - യോഗ പരിശീലനം ബോധവത്ക്കരണം. |
| 26/6/25 | അന്തർദേശീയ ലഹരി വിരുദ്ധ ദിനം | - ബോധവത്ക്കരണം റാലി, പോസ്റ്റർ, പ്ലക്കാർഡ്. |

## ജൂലൈ

| | | |
|---|---|---|
| 1/07/25 | - ഡോക്ടേഴ്സ് ഡേ | - ജീവിത ശൈലീരോഗങ്ങൾ (ചർച്ച) -പരിഹാരബോധനാരംഭം. |
| 5/7/25 | - വൈക്കം മുഹമ്മദ് ബഷീർ ചരമദിനം | - ബഷീർ അനുസ്മരണം കൃതിപരിചയം കഥാപാത്രങ്ങളുടെ അവതരണം. |
| 16/7/25 | - ദേശീയ സ്കൂൾ സുരക്ഷ ദിനം | - ബോധവത്ക്കരണം ക്ലബ് രൂപീകരണം. |
| 21/7/25 | - ചാന്ദ്രദിനം | - ക്വിസ്, പ്രദർശനം |
| 27/7/25 | - APJ കലാം ചരമവാർഷികം | - അനുസ്മരണം. |

## ആഗസ്റ്റ്

6/8/25 - ഹിരോഷിമ ദിനം - പോസ്റ്റർ നിർമ്മാണം
ക്വിസ്, ചിത്ര പ്രദർശനം.

9/8/25 - നാഗസാക്കി ദിനം - ക്വിസ്, സുഡാക്കോ
പക്ഷി നിർമ്മാണം.

15/8/25 - ഇന്ത്യൻ സ്വാതന്ത്ര്യദിനം - ആഘോഷ
പരിപാടികൾ.

17/8/25 - ചിങ്ങം-1 കർഷകദിനം - സ്കൂൾ പച്ചക്കറി
തോട്ടം - പ്രവർത്തനങ്ങൾ

29/8/25 - ദേശീയ കായികദിനം - sports ക്ലബ്ബ്
പ്രവർത്തനങ്ങൾ

## സെപ്റ്റംബർ

5/9/25 - അധ്യാപക ദിനം - കുട്ടി അധ്യാപകരുടെ
ക്ലാസുകൾ.

14/9/25 - ദേശീയ ഹിന്ദി ദിനം - ഹിന്ദി ക്ലബ്ബ്
പ്രവർത്തനങ്ങൾ

## ഒക്ടോബർ

1/10/25 ലോകവൃദ്ധദിനം - വയോധികരെ
ആദരിക്കൽ, സംവദിക്കൽ

2/10/25 ഗാന്ധി ജയന്തി - ശുചീകരണ പ്രവർത്തനങ്ങൾ

15/10/25 ലോക വിദ്യാർത്ഥി ദിനം - വിദ്യാർത്ഥികളെ
ആദരിക്കൽ.

## നവംബർ

1/11/25 - കേരളപ്പിറവിദിനം - മലയാളഭാഷാചരണം.

11/11/25 - ദേശീയ വിദ്യാഭ്യാസദിനം - വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം - ചർച്ച

14/11/25 - ശിശുദിനം - ആഘോഷ പരിപാടികൾ.

## ഡിസംബർ

1/12/25 - ലോകഎയ്ഡ്സ് ദിനം - ബോധവത്കരണം

3/12/25 - ലോകഭിന്നശേഷി ദിനം - ഭിന്നശേഷിക്കാരുടെ അസംബ്ലി, പ്രത്യേക പരിപാടികൾ.

7/12/25 - സായുധ സേന പതാകദിനം - വീഡിയോ കബ്, ബുൾ-ബുൾ പ്രവർത്തനങ്ങൾ.

14/12/25 - ദേശീയ ഊർജ്ജദിനം - ഊർജ്ജ സംരക്ഷണ ക്വിസ്, പ്രദർശനം.

## ജനുവരി.

26/1/26 - റിപ്പബ്ലിക് ദിനം - ആഘോഷ പരിപാടികൾ.

30/1/26 - ഗാന്ധി ചരമദിനം - ഗാന്ധി അനുസ്മരണം.

## ഫെബ്രുവരി

21/2/26 അന്തർദേശിയ മാതൃഭാഷാ ദിനം - മാതൃഭാഷാ പരിപോഷണപ്രവർത്തനങ്ങൾ

28/2/26 - ദേശിയ ശാസ്ത്ര ദിനം - ശാസ്ത്ര ക്ലബ്ബ് പ്രദർശനങ്ങൾ.

മികവുത്സവം - ആഘോഷപരിപാടികൾ

## മാർച്ച്

8/3/26 - വനിതാ ദിനം - വനിതാ ശാക്തീകരണം.

22/3/26 - ലോക ജലദിനം - ജലസംരക്ഷണം ബോധവത്കരണം, പോസ്റ്റർ നിർമ്മാണം.

# പ്രവർത്തന പദ്ധതികൾ - മലയാളം

പ്രവർത്തനം - 1

പേര് :- പുസ്തക പരിചയം.

മേഖല :- വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| കുട്ടികളിൽ വായനാഭിരുചി വളർത്തുക. | ലൈബ്രറി പുസ്തകങ്ങൾ പ്രദർശിപ്പിക്കുന്നു. പുസ്തകങ്ങൾ എടുത്ത് വായിക്കുവാൻ അവസരം നൽകുന്നു. | അദ്ധ്യയനത്തിൻ ആദ്യദിവസം മുതലുള്ള | മേരിന്ന സെൽവി | 1000. |

പ്രവർത്തനം :- 2

പേര് :- പുസ്തകത്തൊട്ടിൽ

മേഖല :- വായന.

| | | | | |
|---|---|---|---|---|
| ലക്ഷ്യം :- മികച്ച വായനശീലം വളർത്തുക. | എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. "പുസ്തകത്തൊട്ടിൽ" പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം :- 3
പേര് :- സ്കൂൾ റേഡിയോ ക്ലബ്.
മേഖല :- വായന, സർഗാത്മക പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉച്ചാരണ ശുദ്ധിയോടും അർത്ഥപൂർണ്ണമായും വായിച്ച് അവതരിപ്പിക്കാനുള്ള അവസരം നൽകുക. സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നു. | ഉച്ചഭാഷിണിയിലൂടെ റേഡിയോ പരിപാടികൾ കുട്ടികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. (ഓരോ ആഴ്ചയും ഓരോ ക്ലാസുകാരുടെയും അവതരണം) | ആഗസ്റ്റ് - മാർച്ച് (ആഴ്ചയിൽ ഒരിക്കൽ) ക്ലാസ് ടീച്ചർ. | ടീസ, സിന്ധു, ഉമൈബ, അൻസി K.A., മേരി, മേരി [illegible] | |

പ്രവർത്തനം :- 4.
പേര് :- കയ്യെഴുത്ത് മാസിക.
മേഖല :- ലേഖനം.

| | | | | |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനു [illegible] നേടുക. | ഓരോ മാസത്തിലെയും പഠന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാസിക ഒരുക്കൽ.<br>സ്കൂൾതല കയ്യെഴുത്ത് മാസിക ഒരുക്കൽ. | ആഗസ്റ്റ് - മാർച്ച്<br>ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>ഷീല, ബെന്നി, അൻസി, ലിസാമോൾ | 500 |

പ്രവർത്തനം :- 5.
പേര് :- റീഡേഴ്സ് തിയേറ്റർ.
ഉപമേഖല :- വായന വർദ്ധനവ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വായനാ താൽപര്യം അഭിനയവും വഴി വ്യക്തിത്വ വികസനം സാധ്യമാക്കുക. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ അവസരം നൽകുന്നു. കഥാനായകർ, സംഭാഷണങ്ങൾ ശബ്ദ വ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയ വായനയുടെ അവതരണം നടത്തുന്നു. | എല്ലാമാസവും. | ക്ലാസ് ടീച്ചർ | 1000 |

## ഇംഗ്ലീഷ്

പ്രവർത്തനം - 1
പേര് - ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല - പ്രകടന വേദികൾ

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്കുള്ള അവസരം നൽകൽ. | ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾ തന്നെ അസംബ്ലിയിലുള്ള മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് ആഴ്ചയിൽ രണ്ടു ദിവസം ചൊവ്വ വ്യാഴം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം :- 2 മേഖല :- സംഭാഷണം
പേര് :- സംഭാഷണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ മെച്ചപ്പെടുത്തൽ. സംഭാഷണം എഴുതൽ, പറയൽ | ലളിതമായ സംഭാഷണങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ അവതരിപ്പിക്കൽ (ആഴ്ചയിൽ ഒരു ചോദ്യം, ഒരു ഉത്തരം) എഴുതുന്നു, പറയുന്നു. | June - to March. | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 3
പേര് - ക്ലാസ് മാഗസിൻ
മേഖല - ലേഖനം.

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട കഥ, കവിത, വിവരണം, പദ സൂര്യൽ, ചിത്രങ്ങൾ എന്നിവ തയ്യാറാക്കി പതിപ്പ് നിർമ്മിക്കുന്നു. | ഓരോ ടേമിലും ഓരോന്ന് | ക്ലാസ് ടീച്ചർ | 500. |

പ്രവർത്തനം :- 4
പേര് :- റീഡിംഗ് കോർണർ
മേഖല :- വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള വായന മെച്ചപ്പെടുത്തൽ, വിപുലീകരിക്കൽ | റീഡിംങ് കോർണറിലെ വായന കാർഡ്, ചെറുകഥാപുസ്തകങ്ങൾ എന്നിവ ഉപയോഗിച്ച് വ്യക്തിഗത വായനയ്ക്ക് അവസരം നൽകുന്നു. | ആഴ്ചയിൽ ഒരിക്കൽ ലൈബ്രറി പിരീഡ് | ക്ലാസ് ടീച്ചർ | 500 |

പ്രവർത്തനം :- 5.
പേര് :- കഥകൾ കേൾക്കൽ, ആംഗ്ലപ്പാട്ട് അവതരണം (Listening Time)
മേഖല :- ശ്രവണം.

| | | | | |
|---|---|---|---|---|
| സംഭാഷണം, നിർദേശങ്ങൾ, കഥ, കവിത, വിവരണം എന്നിവ കേട്ട് ആശയം ഗ്രഹിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു. | എല്ലാ ദിവസവും ഉച്ചയ്ക്കത്തെ ഇന്റർവെല്ലിന് ഉച്ചഭാഷിണിയിലൂടെ കേട്ട് ആശയം ഗ്രഹിക്കുകയും, ആസ്വദിക്കുവാൻ അവസരം ഒരുക്കുകയും ചെയ്യുന്നു. | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ. | |

# ഗണിതം.

പ്രവർത്തനം:- 1
പേര് : ഗണിത മധുരം
ഉപമേഖല :- ഗണിത കേളികൾ.

| ലക്ഷ്യം. | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പഠനനേട്ടങ്ങൾ മുഴുവനും കൈവരിക്കാൻ എല്ലാകുട്ടികളെയും പ്രാപ്തരാക്കുന്നു. | എല്ലാ ക്ലാസ് യൂണിറ്റിലെയും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി, ഗണിത ന്യൂമറസി, ഗണിത കേളിയിലൂടെ ഗണിത വസ്തുതകൾ ഉറപ്പിക്കുന്നു. | June to March | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം :- 2
പേര് : ഗണിത മൂല
മേഖല :- ചതുഷ്ക്രിയകൾ, സംഖ്യാബോധം ഉറപ്പിക്കൽ.

| | | | | |
|---|---|---|---|---|
| അടിസ്ഥാന ഗണിത ശേഷികൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂല ശാക്തീകരിക്കൽ (മഞ്ചാടി, കളിനോട്ട്, രൂപങ്ങൾ, അബാക്കസ്, | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം - 3
പേര് - യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല :- യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി കുട്ടികളുടെ നിലവാരം രേഖപ്പെടുത്തുകയും അധിക പ്രവർത്തനവും പരിഹാര ബോധനവും ഉറപ്പാക്കുന്നു. | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 4
പേര് - ഗണിതം സുന്ദരം.
ഉപമേഖല :- ഗണിത കേളി.

| | | | | |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതികൾ ആസൂത്രണം ചെയ്യൽ. (ശില്പശാല, ക്യാമ്പ് ...) | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം :- 5

പേര് :- ഗണിതോത്സവം.

ഉപമേഖല :- നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം.

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനും, രൂപയുടെ ക്രയവിക്രയവും, ലാഭ-നഷ്ട കണക്കുകൾ കണ്ടെത്തുന്നതിനും കഴിവ് നേടുക. | ഓരോ ക്ലാസുകാരുടെ നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റ് നടത്തുകയും, കുട്ടികൾ തന്നെ വിൽക്കൽ - വാങ്ങൽ, രൂപയുടെ വിനിമയം നടത്തുകയും, ലാഭ-നഷ്ട കണക്കുകൾ കണ്ടെത്തുകയും, ഏറ്റവും കൂടുതൽ ലാഭം നേടിയ ക്ലാസുകാർക്ക് സമ്മാനം നൽകുകയും ചെയ്യുന്നു. (CPTA, MPTA യുടെ പങ്കാളിത്തം) | ഓരോ ടേമിലും | ക്ലാസ് ടീച്ചർ, ഗണിത അധ്യാപകർ | 4000 |

# പരിസരപഠനം

പ്രവർത്തനം :- 1
പേര് :- ഉണ്ടെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)
മേഖല :- ശാസ്ത്ര അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ശാസ്ത്ര പഠനത്താൽ പ്രാവീണ്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുന്നു. | മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനങ്ങൾക്ക് ഇണങ്ങുന്ന പരീക്ഷണങ്ങൾ കണ്ടെത്തുകയും അവ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണങ്ങളിൽ ഏർപ്പെടൽ. | എല്ലാമാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം :- 2.
പേര് :- പ്രകൃതി നിരീക്ഷണം.
മേഖല :- നിരീക്ഷണം

| | | | | |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷിയുടെ വളർച്ചക്ക് ഇണങ്ങും വിധം നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ~~പങ്കാളിത്തം വഹിക്കുക~~. | ഓരോ ക്ലാസിലും അനുയോജ്യമായ നിരീക്ഷണ പ്രവർത്തനങ്ങൾക്കായി സ്കൂൾ പരിസരവും ചുറ്റുപാടും നിരീക്ഷണ പ്രക്രിയക്കായി ഉപയോഗപ്പെടുത്തുന്നു. | ഓരോമാസത്തിലും | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം - 3.
പേര് - പരീക്ഷണ കിറ്റ്.
മേഖല - ലഘു പരീക്ഷണങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷിയുടെ വളർച്ചയ്ക്ക് യോജിച്ചവിധം ഉള്ള പ്രവർത്തനങ്ങൾ ഒരുക്കാനുള്ള കഴിവ് ആർജ്ജിക്കുക. | മുഴുവൻ കുട്ടികൾക്കും ലഘുവായ പരീക്ഷണങ്ങൾക്ക് ഇണങ്ങുന്ന വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി പരീക്ഷണ കിറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നു. (ക്ലാസ്സിലെ ശാസ്ത്ര ലാബ്) | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | 3000. |

പ്രവർത്തനം : 4.
പേര് : ഫീൽഡ് ട്രിപ്പ്.
മേഖല : നിഗമനത്തിൽ എത്തിച്ചേരുക.

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിലുള്ള താല്പര്യവും ഉത്സാഹവും വളർത്തുക. | ക്ലാസ്മുറിക്ക് പുറത്ത് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിച്ച്, പ്രദേശങ്ങളുടെ സഹായത്തോടെ നിരീക്ഷണത്തിൽ വസ്തുതാപരമായ ഏർപ്പെട്ട് നിഗമനങ്ങളിൽ എത്തിച്ചേരാനുള്ള പ്രാപ്തി കൈവരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു തവണ | ക്ലാസ് ടീച്ചർ | 1000. |

പ്രവർത്തനം :- 3.
പേര് :- പൊതുസ്ഥാപന സന്ദർശനം.
ഉപമേഖല :- പൊതുസ്ഥാപനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഉത്തരവാദി | സാമ്പത്തികം |
|---|---|---|---|---|
| സമൂഹത്തിന്റെ ഉന്നമനത്തിന് സഹായകരമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ് ഓഫീസ്, ആശുപത്രി, ബാങ്ക് തുടങ്ങിയവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഓണം ടേം തീരും | ക്ലാസ് ടീച്ചർ | 2000 |

## വിവര സാങ്കേതിക വിദ്യ

പ്രവർത്തനം :- 1
പേര് : ഐടി ലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും, നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാൻ അവസരം ലഭ്യമാക്കുക. | കുട്ടിപ്പട്ടികയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു. കമ്പ്യൂട്ടറിന്റെ ഉപയോഗവും കൈകാര്യം ചെയ്യുന്നതിനുള്ള കഴിവും ആർജ്ജിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | ജൂൺ - മാർച്ച് (ആഴ്ചയിൽ ഒരിക്കൽ) | ക്ലാസ് ടീച്ചർ | |

# കല-കായിക-പ്രവൃത്തി പരിചയം

പ്രവർത്തനം :- 1

പേര് :- സർഗ്ഗവേദി

ഉപമേഖല :- പ്രകടന വേദികൾ, ടാലന്റ് ലാബ്.

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| കലാഭിരുചിയും കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുക. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികളുടെ നേതൃത്വത്തിൽ സർഗവേദികൾ സംഘടിപ്പിക്കുക. നൃത്തം, സംഗീതം, ചിത്രരചന, ക്രാഫ്റ്റ് എന്നിവയിൽ പരിശീലനം നൽകുക. കുട്ടികളുടെ കലാപ്രകടനങ്ങൾ വീഡിയോയിലൂടെ. സമൂഹമാധ്യമങ്ങളിലൂടെ പങ്കുവയ്ക്കുക. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

## ആരോഗ്യ - കായിക - വിദ്യാഭ്യാസം.

പ്രവർത്തനം :- 1
പേര് :- കായികാരോഗ്യം.
ഉപമേഖല :- ആരോഗ്യ-കായികവികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. ആരോഗ്യ കായികവിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം. | എല്ലാ കുട്ടികൾക്കും കായിക ആരോഗ്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ദിവസേന എക്സർസൈസ്, ഗെയിംസ്, സുംബാ എന്നിവയിൽ പരിശീലനം നൽകുന്നു | ജൂൺ - മാർച്ച് | സുംബാ ട്രെയിനർ. | |

## പ്രവൃത്തി - പരിചയം.

പ്രവർത്തനം - 1
പേര് :- പ്രവൃത്തി - പരിചയ ശില്പശാല
ഉപമേഖല :- നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| | | | | |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കുന്നു. പാവനിർമ്മാണം, പേപ്പർ ക്രാഫ്റ്റ്, ഒറിഗാമി, കളി ഉത്പന്നങ്ങൾ, കയർ ഉത്പന്നങ്ങൾ, കുടനിർമ്മാണം. | ജൂലൈ - ജനുവരി | ഓരോന്നിനും ചുമതലയുള്ള അധ്യാപകർ | 3000 |

# വിദ്യാലയ തനതു പ്രവർത്തനം.

പ്രവർത്തനം :-1
പേര് :- പ്രകൃതി സൗഹൃദ വിദ്യാലയവും വീടും.
ഉപമേഖല :- പ്ലാസ്റ്റിക് ഉപയോഗത്തിന്റെ നിയന്ത്രണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ലാസ്റ്റിക് വിമുക്ത വിദ്യാലയ പരിസരം രൂപപ്പെടുത്തുന്നതിൽ കുട്ടികളുടെ പങ്ക് ഉറപ്പാക്കുക. പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം വരുത്തുന്ന ദൂഷ്യഫലങ്ങൾ മനസ്സിലാക്കുക. ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുക. | പ്രകൃതി സൗഹൃദ വിദ്യാലയവും, വീടും എന്ന ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണമായും നിർത്തലാക്കി, പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെ കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ നൽകിയും, ശാസ്ത്രീയമായ മാലിന്യസംസ്കരണ രീതികൾ പരിചയപ്പെടുത്തിയും വീടും വിദ്യാലയവും പൂർണമായും പ്ലാസ്റ്റിക് വിമുക്തമാക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | അധ്യാപകർ, PTA, MPTA. | |

പ്രവർത്തനം :- 2
പേര് :- കളരി ഒരു ലഹരി.
ഉപമേഖല :- ശാരീരിക- മാനസിക- ആരോഗ്യ കരുത്ത് ഉറപ്പാക്കുന്നു.

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ശാരീരിക മാനസിക ആരോഗ്യം ഉറപ്പുവരുത്തുക. ലഹരിവസ്തുക്കളിൽ ആനന്ദം കണ്ടെത്താതെ അവരുടെ മനോഭാവം കായിക ക്ഷമതയിലേക്ക് തിരിച്ചുവിടുക. | കളരിയുടെ പ്രാഥമിക പാഠങ്ങൾ പഠിപ്പിച്ച് ലഹരിയെക്കാൾ വലിയ ലഹരി കളരിയാണെന്ന ബോധ്യം പ്രാവർത്തികമാക്കുന്നു. | ഓഗസ്റ്റ്- മാർച്ച് | കായിക അധ്യാപകൻ | |

## നിർവ്വഹണ ചുമതല

- ലിജിമണി പി.ജെ (ഹെഡ്മിസ്ട്രസ്)
- ഫിലോമിന ജോസഫ് (സീനിയർ ടീച്ചർ)
- K.A. മേരി (SRG കൺവീനർ)
- മേരി ഇന്നസെൻഷ്യ. K.J. (സ്റ്റാഫ് സെക്രട്ടറി)
- ട്രീസ സിന്ധു K.F.
- എലിസബത്ത് ജോസഫ്
- റോസ് ജാസ്മിൻ. V.J.
- ലിഷാ മോൾ .P.A.
- ആൻസി . A
- ഉബൈദ്. യു.

◉ സെന്റ്. ഫ്രാൻസിസ് സേവ്യേഴ്സ്
എൽ. പി. സ്കൂൾ എരമല്ലൂർ.
ചേർത്തല
ആലപ്പുഴ
കേരളം.